പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2921 — 07.02.2018-ൽ മറുപടിക്ക്

## ടെണ്ടർ നടപടി വേഗത്തിലാക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ജി.എസ്.ടി. മൂലമുള്ള അധിക നികുതി ബാധ്യതയും മൂലം സംസ്ഥാനത്ത് കരാറുകാർ ടെണ്ടർ നടപടികളിൽ നിന്ന് മാറി നിൽക്കുന്ന സാഹചര്യമുണ്ടോ; | (എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ജി.എസ്.ടി മൂലമുള്ള അധിക നികുതി ബാധ്യതയും മൂലം സംസ്ഥാനത്ത് കരാറുകാർ ടെൻഡർ നടപടികളിൽ നിന്ന് ഇപ്പോൾ മാറി നിൽക്കുന്ന സാഹചര്യമില്ല. |
| (ബി) മണൽ, മെറ്റൽ, കരിങ്കല്ല് എന്നിവയുടെ നികുതി വാറ്റിൽ നിന്ന് ജി.എസ്.ടി.യിലേയ്ക്ക് വന്നപ്പോൾ ഒമ്പത് ശതമാനം കുറഞ്ഞെങ്കിലും ഇവയുടെ വിലയിൽ നാൽപ്പത് ശതമാനത്തിന്റെ വർധനവുണ്ടായതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;<br><br>(സി) എങ്കിൽ ഈ പ്രതിസന്ധി മറികടന്ന് ടെണ്ടർ നടപടി വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) & (സി) മണൽ, മെറ്റൽ, കരിങ്കല്ല് എന്നിവയുടെ വിലയിൽ നാൽപത് ശതമാനത്തിന്റെ വർദ്ധനവുണ്ടായതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. പൊതുമരാമത്ത് കരാർ പണികൾക്ക് ജി.എസ്.ടി പ്രാബല്യത്തിൽ വരുന്നതിന് മുൻപ് 4% VAT ബില്ലിൽ നിന്നും ഈടാക്കുമായിരുന്നു. എന്നാൽ 01.07.2017-ന് ശേഷം 12% ജി.എസ്.ടി കരാറുകാർ സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ട്. 4% VAT ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഫിനാൻസ് വിഭാഗം സർക്കുലർ നമ്പർ 90/2017/fin dated 14/12/2017 പ്രകാരം കരാറുകാരന് അടയ്ക്കേണ്ടതായിട്ടുള്ള ജി.എസ്.ടി തുക സർക്കാർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ